പഞ്ചായത്ത് തെരഞ്ഞെടുപ്പ്

97 [105] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ വാർഡ് പുനർവിഭജനം സംബന്ധിച്ച തർക്കത്തിൽ എത്രയെണ്ണത്തിനു തീർപ്പു കല്പിച്ചുവെന്നും ബാക്കി എത്രയെണ്ണം തീർപ്പു കൽപ്പിക്കാതെ അവശേഷിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) അവശേഷിക്കുന്നവയിൽ എപ്പോൾ തീർപ്പു കൽപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാർഡ് പുനർവിഭജനം സംബന്ധിച്ച് ഗവൺമെന്റിന് 187 പഞ്ചായത്തുകളെ സംബന്ധിച്ച് 321 റിവിഷൻ ഹർജികളാണ് കിട്ടിയതിൽ 147 പഞ്ചായത്തുകളെ സംബന്ധിച്ചുള്ള 232 പരാതികളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന 40 പഞ്ചായത്തുകളെ സംബന്ധിച്ച് 89 റിവിഷൻ ഹർജികളിൽ തീർപ്പുകൽപ്പിക്കാൻ അവശേഷിക്കുന്നു.

(ബി) കഴിയുന്നതും [illegible] തീർപ്പു കൽപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ പഞ്ചായത്തുകൾ

98 [106] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.

(എ) നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള പഞ്ചായത്തുകൾ എത്ര;

(ബി) അവയിൽ സ്റ്റേറേഡിയം ഉള്ള പഞ്ചായത്തുകൾ എത്ര;

(സി) കമ്മ്യൂണിറ്റി ഹാൾ ഉള്ള പഞ്ചായത്തുകൾ എത്ര?

ഉത്തരം

(എ) 1001

(ബി) 67

(സി) 98

പഞ്ചായത്ത് ആക്ട്

99 [107] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്ത് ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

പഞ്ചായത്ത് ആക്ടിലെ ചില വകുപ്പുകൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly